**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1073** **11-02-2025 - ൽ മറുപടിയ്ക്ക്**

**മലബാർ ഡിസ്റ്റിലറിക്ക് വെള്ളം ലഭ്യമാക്കാത്തതിനാലുണ്ടായ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിയുടെ പ്രവർത്തനങ്ങൾ ജല അതോറിറ്റി വെള്ളം ലഭ്യമാക്കാത്തതുമൂലം പ്രതിസന്ധിയിലായ വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | വാളയാർപ്പുഴ അടിസ്ഥാനപ്പെടുത്തിയോ ചിറ്റൂർപ്പുഴയിലെ RBC (Right Bank Canal) യുടെ ഭാഗമായ കോരയാർപ്പുഴ അടിസ്ഥാനപ്പെടുത്തിയോ മഴവെള്ള കൊയ്ത്തിലൂടെയോ, ടാങ്കർ ലോറിയിലൂടെയോ ഈ പ്രോജക്റ്റിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിവരുന്നു. വാളയാർപ്പുഴ അടിസ്ഥാന പ്പെടുത്തിയും ചിറ്റൂർപ്പുഴ അടിസ്ഥാനപ്പെടുത്തിയും പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പിൽ നിന്നും ആവശ്യമായ ജലം ലഭ്യമാക്കുമെന്നുള്ള ഉറപ്പ് ലഭ്യമാകുന്ന സാഹചര്യത്തിൽ ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടുകൂടി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. |
| (ബി) | മലബാർ ഡിസ്റ്റിലറിക്ക് ജല അതോറിറ്റി വെള്ളം നൽകാത്തതിന്റെ കാരണം അറിയിക്കുമോ; | (ബി) | ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റില്ലറിക്ക് ജല അതോറിറ്റി വെള്ളം നൽകാൻ പദ്ധതി രൂപീകരിച്ചിരുന്നു. മലബാർ ഡിസ്റ്റലറി മാനേജിംഗ് ഡയറക്ടർ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ ഭാഗമായി 1,87,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ അടയക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ പൈപ്പ് വിതരണം ചെയ്തിരുന്നു. എന്നാൽ സമീപ പഞ്ചായത്തുകളായ എലപ്പുള്ളി, വടകരപ്പതി എന്നീ പഞ്ചായത്തുകളുടെയും പ്രാദേശികമായ എതിർപ്പുകൾ മൂലവും നിലവിൽ പൈപ്പ് ലൈൻ പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ മലബാർ ഡിസ്റ്റിലറിക്ക് വെള്ളം നൽകാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ആവശ്യമായ വെള്ളം ലഭ്യമാക്കാൻ ജല അതോറിട്ടിയുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ധാരണയിൽ എത്തിയിട്ടില്ല.<br><br>എണ്ണ കമ്പനികൾക്ക് എഥനോൾ ഉത്പാദിപ്പിച്ച് നൽകുന്നതിനായി എലപ്പുള്ളി പഞ്ചായത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്ലാൻറ് നിർമ്മിക്കുന്നതിനായി ക്ഷണിക്കുന്ന ദർഘാസിൻറെ ഭാഗമായ Expression of interest ൽ പങ്കെടുക്കുന്നതിനായി ജല ലഭ്യത സംബന്ധിച്ച ഉറപ്പ് ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം പാലക്കാട് സർക്കിൾ സൂപ്രണ്ടിങ് എൻജിനീയർ ഓഫീസിൽ നിന്നും ഒരു കത്ത് നൽകിയിരുന്നു. |
| (ഡി) | സർക്കാർ കമ്പനിക്ക് വെള്ളം നൽകാതെ സ്വകാര്യ കമ്പനിക്ക് വെള്ളം നൽകാൻ എന്തടിസ്ഥാനത്തിലാണ് ജല അതോറിറ്റി ധാരണയിൽ എത്തിയത് എന്നു വ്യക്തമാക്കുമോ? | (ഡി) | ജല അതോറിറ്റി നിലവിൽ അത്തരം ധാരണയിലെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ